**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 811** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കോന്നി ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള സോളാർ തൂക്കു ഫെൻസിങ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കോന്നി നിയോജകമണ്ഡലത്തിൽ കോന്നി ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ഭരണാനുമതി ലഭിച്ച സോളാർ തൂക്കു ഫെൻസിങ് പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** കോന്നി നിയോജകമണ്ഡലത്തിൽ, കോന്നി ഫോറസ്റ്റ് ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ചിൽ വിവിധ ഭാഗങ്ങളിലായി 15 കി.മീ. നീളത്തിൽ തൂക്കുസൗരോർജ്ജ വേലി നിർമ്മിക്കുന്നതിന് ₹1,10,00,000/- (ഒരു കോടി പത്ത് ലക്ഷം രൂപ) ചെലവിൽ 05.10.2023-ന് ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് 24.01.2024-ന് SILK എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല. തുടർന്ന്, 30.10.2024-ന് ARTCO എന്ന സ്ഥാപനത്തെ പ്രവൃത്തി നിർവഹിക്കുന്നതിന് ചുമതലപ്പെടുത്തിയെങ്കിലും പ്രസ്തുത സ്ഥാപനവും പ്രവൃത്തി ആരംഭിച്ചില്ല. ഈ സാഹചര്യത്തിൽ, പുതുക്കിയ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തിര തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവും; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**